പതിനാലാം കേരള നിയമസഭ
10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *234

09.03.2018-ൽ
മറുപടിയ്ക്ക്

## എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജോയി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.ജെ.മാക്സി | ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിന്റെ ആധുനീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) 7 ഡിവിഷൻ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും 138 റെയിഞ്ച് ഓഫീസുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട 10 ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവത്കരിച്ചു. ക്രൈം & ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ശീതികരിച്ച കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. വനിത കുറ്റവാളികളെ നിരീക്ഷിക്കുന്നതിനായും കുറ്റ കൃത്യങ്ങൾ തടയുന്നതിനായും വനിത പട്രോളിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.എക്സൈസ് വകുപ്പിൽ കാലതാമസം കൂടാതെ സാമ്പിൾ ശേഖരിച്ച് ഫലം നൽകുന്നതിലേയ്ക്കായി മൂന്നു മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചു. വകുപ്പിൽ നിന്നും നൽകി വരുന്ന 17 സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെൻറ് പ്രവർത്തനം |

കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 12 പുതിയ വാഹനങ്ങൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിനായി 14 എക്സൈസ് ചെക്ക പോസ്റ്റുകളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തി, 25 ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മദ്യം, മയക്കമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ അയൽ സംസ്ഥാനങ്ങൾ വഴിയുള്ള കടത്ത് അവസാനിപ്പിക്കുന്നതിനായി ചെക്പോസ്റ്റുകൾ ശക്തിപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ ;

(ബി) നിയമവിരുദ്ധവും നിരോധിക്കപ്പെട്ടതുമായ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തികൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും മയക്കമരുന്നിന്റെ ഉപഭോഗവും വിതരണവും തടയുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.

(സി) എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ചുവടെപറയും പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 8 |
| എക്സൈസ് ഇൻസ്പെക്ടർ | 6 |
| പ്രിവന്റീവ് ഓഫീസർ | 16 |
| സിവിൽ എക്സൈസ് ഓഫീസർ | 64 |
| വനിത സിവിൽ എക്സൈസ് ഓഫീസർ | 138 |
| ഡ്രൈവർ | 8 |
| ജൂനിയർ സയൻറിഫിക് ഓഫീസർ | 1 |
| ലാബ് അസിസ്റ്റൻറ് | 1 |
| പി.റ്റി.എസ് | 2 |
| ആകെ | 244 |

ഒഴിഞ്ഞ് കിടന്ന തസ്തികകളിലേയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി വഴി 675 നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 13 നിയമനങ്ങളും നടത്തിയിട്ടുണ്ട്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.